LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മേഖലാ യൂണിയൻ 2013-14 വർഷത്തിൽ ഒരു കോടി രൂപ ചെലവിൽ 40 ഐസ്ക്രീം കനോപ്പികളും 2014-15 വർഷത്തിൽ 2 കോടി രൂപ ചെലവിൽ 80 ഐസ്ക്രീം കനോപ്പികളും വിതരണം ചെയ്തു. മലബാർ മേഖലാ യൂണിയന് അനുബന്ധം-1* ആയി ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് 3499.45 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു.

(സി) എറണാകുളം മേഖലാ യൂണിയൻ തെരഞ്ഞെടുക്കപ്പെട്ട 300 പട്ടികജാതി വനിതകൾക്കായി 1500 കിടാരികളെ വിതരണം ചെയ്യുന്നതിനും 18 മാസക്കാലത്തേക്ക് കിടാരികൾക്കുള്ള തീറ്റച്ചെലവ്, പരിപാലന ചെലവ് എന്നിവ നൽകുന്നതിനുള്ള പദ്ധതിയിൽ ലക്ഷ്യമിട്ട 1500 കിടാരികളിൽ 1475 കിടാരികളെ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.

തിരുവനന്തപുരം മേഖലാ യൂണിയനിൽ പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് 1.7 കോടി രൂപ ചെലവിൽ 1700 കിടാരികളെ വിതരണം ചെയ്തു. ഇതോടൊപ്പം കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, കാലി ഇൻഷുറൻസ്, തീറ്റപ്പുൽ എന്നിവയ്ക്കായി 582 ലക്ഷം രൂപയും ചെലവഴിച്ചു. മലബാർ മേഖലയിൽ പട്ടികജാതി വനിതകൾക്കായുള്ള കിടാരി സംരക്ഷണ പദ്ധതിയിൽ 5800 കിടാരികളെയും സുഗന്ധഗിരി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പദ്ധതിയിൽ 44 കിടാരികളെയും അട്ടപ്പാടി പട്ടികവിഭാഗത്തിലുള്ള പദ്ധതിയിൽ 16 കിടാരികളെയടക്കം ആകെ 5860 കിടാരികളെ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) മലബാർ മേഖലാ യൂണിയനിൽ സുൽത്താൻബത്തേരി മാനന്തവാടി - അടിയ പണിയ വിഭാഗങ്ങൾക്കുള്ള പദ്ധതി മാത്രം തീരാനുണ്ട്. ഇതിന്റെ ഉപഭോക്തൃ തിരഞ്ഞെടുപ്പിനുള്ള യോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി ഒഴികെ മിൽമയുടെ മറ്റുള്ള പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

ക്ഷീരഗ്രാമം പദ്ധതി

60 (1531) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ക്ഷീര വികസന വകുപ്പുമുഖേന ക്ഷീര ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എവിടെയെല്ലാമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഒരു പ്രത്യേക പ്രദേശത്തിന്റെ ക്ഷീരവികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്രമായ ക്ഷീരവികസന പദ്ധതി ആ പ്രദേശത്ത് മാത്രമായി നടപ്പിലാക്കുന്നതിനാണ് പ്രസ്തുത ഘടകം ലക്ഷ്യമിടുന്നത്.

(ബി) കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ്, മണിക്കടവ്, ജയഗിരി, കർമ്മലഗിരി, കനകക്കുന്ന്, പൈസക്കരി എന്നീ പ്രദേശങ്ങളിലും എറണാകുളം ജില്ലയിൽ കന്നുകരയിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.

(സി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും കൊണ്ടുവരുന്നതിനും കന്നുകാലികളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് കർഷകരിൽ കാലിവളർത്തലിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന എം.എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന ക്ഷീരവികസന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം എം.എസ്.ഡി.പി.-യിലെന്നപോലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ഒരു പശു, 2 പശു, 5 പശു, 10 പശു തുടങ്ങിയ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുന്നു. കൂടാതെ ക്ഷീരഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായവും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും മിൽക്കിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നു.

ക്ഷീരമേഖലയ്ക്കായി ചെലവഴിച്ച തുക

61 (1532) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയ്ക്കായി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ക്ഷീര കർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ;

(സി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുമായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ?